I/5806783/2023

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.ബി3/143/2023/എസ്.പി.ഡി
സ്റ്റോർസ് (ബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 20-07-2023

## സർക്കുലർ

വിഷയം:- സ്റ്റോർസ് പർച്ചേയ്സ് വകുപ്പ് - സ്റ്റോർസ് പർച്ചേയ്സ് മാന്വൽ നടപടിക്രമങ്ങളിൽ ഇളവുകൾ വരുത്തിക്കൊണ്ട് മറ്റു വകുപ്പുകൾ ഉത്തരവുകൾ പുറപ്പെടുവിക്കുന്ന നടപടി ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നത്- സംബന്ധിച്ച്

സ്റ്റോർസ് പർച്ചേയ്സ് മാന്വലിലെ ഖണ്ഡിക 17.1 (i) (b) പ്രകാരം സ്റ്റോർസ് പർച്ചേയ്സ് ചട്ടങ്ങളിൽ നിന്ന് എന്തെങ്കിലും ഇളവുകൾ ആവശ്യമാകുന്ന കേസുകളിൽ തീരുമാനമെടുത്ത് ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടത് സ്റ്റോർസ് പർച്ചേയ്സ് വകുപ്പിൽ നിന്നുമാണ്. എന്നാൽ ആയതിനു വിരുദ്ധമായി പല വകുപ്പുകളും, തങ്ങളുടെ വകുപ്പുകൾക്ക് കീഴിൽ വരുന്ന പല പർച്ചേയ്സുകളിലും, ഇത്തരത്തിലുള്ള പൊതു സ്വഭാവമുള്ള ഉത്തരവുകൾ നേരിട്ട് പുറപ്പെടുവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പർച്ചേയ്സ് നടപടിക്രമങ്ങളിൽ ഇളവ് നൽകുന്നതിനായി സ്റ്റോർസ് പർച്ചേയ്സ് വകുപ്പ് ഒഴികെയുള്ള വകുപ്പുകൾ ഇത്തരത്തിലുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് അനുചിതമാണ്. അതിനാൽ സ്റ്റോർസ് പർച്ചേയ്സ് ചട്ടങ്ങളിൽ നിന്ന് ഇളവുകൾ നൽകുന്നതിനുള്ള ഉത്തരവുകൾ സ്റ്റോർസ് പർച്ചേയ്സ് വകുപ്പ് മുഖേന മാത്രം പുറപ്പെടുവിക്കേണ്ടതാണെന്ന് എല്ലാ സർക്കാർ വകുപ്പുകൾക്കും നിർദ്ദേശം നൽകുന്നു.

ഡോ. വേണു വി ഐഎഎസ്
ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം,

Smitha

സെക്ഷൻ ഓഫീസർ.

പകർപ്പ്: സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാവകുപ്പുകൾക്കും

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വ്യാപക പ്രചരണത്തിനു വേണ്ടി)
പൊതുഭരണ (കമ്പ്യൂട്ടർ സെൽ ) വകുപ്പ്
വെബ് സർവീസ് വിഭാഗം, സി-ഡിറ്റ്, തിരുവനന്തപുരം.